പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3211 — 21.08.2017-ലെ മറുപടിക്ക്

## <u>കെ എസ് ആർ ടി സി യിലെ റിസർവ് കണ്ടക്ടർ ഒഴിവുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

<table>
<tr><td>(എ)</td><td>2016 ജൂൺ 29-ാം തീയതി ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കെ എസ് ആർ ടി സി, 823 റിസർവ് കണ്ടക്ടർ ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തതിൽ നിയമനം നൽകാനായി ശേഷിക്കുന്ന 522 ഒഴിവുകൾ ഒരു വർഷത്തിലേറെ ആയിട്ടും നികത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;</td><td rowspan="2">(എ) യും (ബി) യും</td><td rowspan="2">കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക വിലയിരുത്തലിൽ നിലവിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്ക്കരിച്ച് സിംഗിൾ ഡ്യൂട്ടി ആക്കുവാനും കോർപ്പറേഷനിലെ ബസ്സ് ജീവനക്കാരുടെ അനുപാതം പുന:ക്രമീകരിച്ച് ദേശീയ ശരാശരിയിൽ എത്തിക്കുവാനും നിഷ്ക്കർഷിക്കുന്നു. നിലവിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടി ആയി മാറുമ്പോൾ നിലവിൽ കോർപ്പറേഷനിൽ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർ അധികമായി മാറുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊഫ.സുശീൽ ഖന്ന കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് കോർപ്പറേഷനിലെ ജീവനക്കാരുടെ അംഗബലം പുന:ക്രമീകരിച്ച ശേഷം, ടി ഒഴിവുകൾക്ക് സാധുതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ട് പോകുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്.</td></tr>
<tr><td>(ബി)</td><td>കെ എസ് ആർ ടി സി യിൽ നിന്നും ലഭ്യമായ പുതിയ വിവരാവകാശ മറുപടി പ്രകാരം പ്രതീക്ഷിത ഒഴിവുകളടക്കം 741 ഒഴിവുകൾ നിലനിൽക്കെ എന്തുകൊണ്ടാണ് നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാത്തതെന്ന് വ്യക്തമാക്കുമോ;</td></tr>
</table>

| | | | |
|---|---|---|---|
| (സി) | 4300 ഓളം താത്കാലിക കണ്ടക്ടർമാർ നിലനിൽക്കെ ഇവരെ ഒഴിവാക്കി പി.എസ്.സി നിയമന ശിപാർശ ചെയ്തവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ കോർപ്പറേഷനിൽ എംപാനൽ ജീവനക്കാർ കണ്ടക്ടർ, ഡ്രൈവർ വിഭാഗങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിലും, സ്ഥിരം ജീവനക്കാരുടെ അവധി കാലയളവുകളിലും സുഗമമായി സർവ്വീസ് നടത്തുവാൻ വേണ്ടി മാത്രമാണ് താൽക്കാലിക ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. മാത്രമല്ല ടി ജീവനക്കാരുടെ നിയമനം, ജോലിയിൽ നിന്നും മാറ്റിനിർത്തൽ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ഹർജികൾ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഹർജികളിന്മേലുള്ള അന്തിമ വിധിക്ക് അനുസരിച്ച് മാത്രമേ കോർപ്പറേഷന് ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ. |

[signature]

**സെക്ഷൻ ഓഫീസർ**